**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1954** **09-02-2023 - ൽ മറുപടിയ്ക്ക്**

**അഭ്യസ്തവിദ്യർക്ക് ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൊഴിരഹിതരായ അഭ്യസ്തവിദ്യർക്ക് ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനായി മിഷൻ മാതൃകയിൽ ഈ സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള നോളജ് ഇക്കോണമി മിഷൻ. ഇതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ വിവിധ വിജ്ഞാന തൊഴിലുകളിലേക്ക് ബന്ധിപ്പിക്കുന്നതിനായി ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന സാങ്കേതിക പ്ലാറ്റ്ഫോമിന് രൂപം നൽകിയിട്ടുണ്ട്. ഈ പ്ലാറ്റ്ഫോം മുഖേന തൊഴിലന്വേഷകർക്ക് അവരുടെ കഴിവിനും നൈപുണ്യത്തിനും പൊരുത്തപ്പെടുന്ന ജോലികൾ കണ്ടെത്താൻ സാധിക്കുന്നതാണ്. കൂടാതെ, വൈജ്ഞാനിക മേഖലകളിലെ തൊഴിലുകളിലേക്ക് 200-ലധികം നൈപുണ്യ കോഴ്സുകളും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനവും പ്ലാറ്റ് ഫോമിൽ സജ്ജീകരിച്ചിരിക്കുന്നു. നോളജ് മിഷൻ വിവിധ മേഖലകളിൽ നിന്നുമുള്ള വൈജ്ഞാനിക തൊഴിലുകൾ DWMS പ്ലാറ്റ് ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇതുവഴി എത്രപേർക്ക് തൊഴിൽ നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പ്ലാറ്റ്ഫോം മുഖേന 2026-നുള്ളിൽ 20 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (സി) | നാളിതുവരെ എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ? | (സി) | ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പദ്ധതി വഴി 31,935 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ